മിസ്റ്റർ കെ. അയ്യപ്പൻ: പാലിയത്തുള്ള അംഗങ്ങൾക്കു് ഇക്കൊല്ലത്തെ ചിലവിനു കൊടുത്തിരിക്കുന്ന നെല്ലാണു് അതു് എന്നാണു് മാനേജർ പറയുന്നതു്.

മിസ്റ്റർ വി. കെ. അച്യുതമേനോൻ: അറ ഒഴിവാക്കി കൊടുക്കണമെന്നു മാനേജർ പറഞ്ഞിട്ടുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ: ആ നെല്ലെടുത്താൽ അവരുടെ ചിലവിനു മതിയാകാതെ വരും.

മിസ്റ്റർ പി. കെ. ഡീവർ: അവരുടെ ചിലവുകഴിഞ്ഞു് അറയിൽ നെല്ലു് ബാക്കിയുള്ളതു് വാങ്ങുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അവിടെ എല്ലാവക്കും ഒരു ക്ലിപ്തതോതിൽ ഫ ഠം ഫ ന -ം പറ നെല്ലുവീതം അനുവദിച്ചു കൊടുത്തിട്ടുണ്ടു്. കഴിഞ്ഞ മാസത്തേക്കുള്ള നെല്ലു് അവിടെയുണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ: പതിനായിരപ്പറ നെല്ലു് അവിടെ ബാക്കി കിടപ്പുണ്ടെന്നു പറഞ്ഞു.....

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അതു ശരിയല്ല.

മിസ്റ്റർ പി. കെ. ഡീവർ: പാലിയത്തേക്കു ഒരാൾക്കു ഫ ഠ—ം ഫ ന—ം പറ നെല്ലു ശമ്പളമായി കൊടുക്കുന്നുണ്ടു്. ഇത്രയും നെല്ലു ഒരാളുടെ ചിലവിനു വേണ്ടിവരുമോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അവർക്കു ഇപ്പോൾ ആവശ്യമുള്ള നെല്ലേ കൊടുക്കുന്നുള്ളൂ.

മിസ്റ്റർ പി. കെ. ഡീവർ: ഇതിനെപ്പറ്റി അന്വേഷിക്കാമോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അന്വേഷിക്കാം.

## PANCHAYAT CANAL—CONSTRUCTION OF

48. (11) മിസ്റ്റർ സി. വി. ഇയ്യു: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു ദയവായി മറുപടി പറയുമോ.—

(എ) തലപ്പിള്ളി താലൂക്കു കാണിപ്പയ്യൂർ, ചൊവ്വന്നൂർ വില്ലേജിലെ ചില ഭാഗങ്ങളിൽക്കൂടി പയ്യൂർ ദേശത്തും കവണംചിറ്റൂർ ദേശത്തും കൂടിയുള്ള കീഴ്പാടത്തു് ഫ ഫ ന -ന്റെയും ഫ ഫ ഠ -ന്റെയും ഇടക്കു കൃഷിയുടെ നന്മക്കുവേണ്ടി പഞ്ചായത്തു ഡിപ്പാർട്ടുമെണ്ടിൽനിന്നും ഏതാനും ഉണ്ടാക്കിച്ചു നിർത്തിയതായ തോടു പുതുശ്ശേരി പാടത്തുള്ള പറയൻതോടിലേക്കു സംഘടിപ്പിക്കാനുണ്ടായിരുന്നതും ഇപ്പോൾ നിർത്തിവെച്ചിട്ടുള്ളതുമായ പദ്ധതി കൃഷിയുടെ നന്മക്കും അഭിവൃദ്ധിക്കുംവേണ്ടി തുടർന്നു തുറപ്പിക്കാൻ വല്ല നടപടികളും ഗവൺമെണ്ടു് ആരംഭിച്ചിട്ടുണ്ടോ;

(ബി) മേൽപറഞ്ഞ തോടുപണി കുറെ ആരംഭിച്ചു പിന്നീടു നിർത്തലാക്കിയതിനുള്ള കാരണം എന്താണു് എന്നു ദയവായി പ്രസ്താവിക്കുമോ;

(സി) മേൽപറഞ്ഞ തോടിന്റെ പണി പൂർത്തിയാക്കുന്നതിനുള്ള സ്ഥലം കിട്ടുവാൻ പലിക്കോട്ടിൽ ഇട്ടിക്കുരു മകൻ ഉതുപ്പു് ഒഴികെയുള്ള എല്ലാ കർഷകരും വില പിന്നീടു കിട്ടാനുള്ള വ്യവസ്ഥയിന്മേൽ കച്ചീട്ടു തന്നിട്ടുണ്ടോ;

(ഡി) ടി ഉതുപ്പിനു കച്ചീട്ടു തരാൻ മനസ്സില്ലെങ്കിൽ കർഷകരുടെ പൊതുനന്മയും കൂടുതലായി ഭക്ഷ്യോല്പാദനത്തിന്റെ അത്യാവശ്യവും പരിഗണിച്ചു് അടയന്തിര നടപടികൾ എടുത്തു് ആവശ്യമായ സ്ഥലം ഉടനെതന്നെ അക്വയർ ചെയ്യുന്നതിനും ആ വിധം തോടുപണി പൂർത്തിയാക്കാനും ഗവൺമെണ്ടു് ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) ഗവൺമെണ്ടു് ഈ തോടിന്റെ ആവശ്യത്തിനുവേണ്ടി സ്ഥലവില കൊടുത്തിട്ടുള്ളതും ഇപ്പോഴും തോടുണ്ടാക്കീട്ടില്ലാത്തതുമായ സ്ഥലം ഈ പാടത്തുതന്നെ ഇനിയും ബാക്കി കിടപ്പുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ആ തരം സ്ഥലം എത്രയുണ്ടു്;

(ജി) മേൽപറഞ്ഞ പദ്ധതിയുടെ ഒരു പ്ലാൻ മേശപ്പുറത്തു വെക്കാൻ ദയവുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഉവ്വ്. വേണ്ടതായ നടപടികളും എടുക്കുകയും പണി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) അകപ്പെയർചെയ്ത സ്ഥലങ്ങളും മഴവൻ കൈവശം കിട്ടുവാനുള്ള താമസംകൊണ്ടും പണി ഇടക്കാലത്തു നിർത്തേണ്ടതായി വന്നിട്ടുണ്ട്.

(സി) പ്രത്യേക കച്ചീട്ടു വാങ്ങിയിരുന്നില്ലെങ്കിലും മി. ഉതുപ്പു ഒഴികെ മറ്റെല്ലാവരും പണി ആരംഭിക്കുന്നതു സമ്മതമായിരുന്നു.

(ഡി) എ.യുടെ ഉത്തരം നോക്കുക.

(ഇ) ഇല്ല.

(എഫ്) ഇ. യുടെ ഉത്തരം നോക്കുക.

(ജി) പ്ലാൻ മേശപ്പുറത്തു വെച്ചിരിക്കുന്നു.

മിസ്റ്റർ സി. വി. ഇയ്യു: ഈ പ്ലാനിൽ സ ം ര—ാംനമ്പർ സർവ്വെയിലാണ് ഒരു ചാൽ കിടക്കുന്നതു്. അതു് യഥാർത്ഥത്തിൽ അവിടെയല്ല. അതിനെക്കുറിച്ചു് അന്വേഷിച്ചു് തോട്ട് കുറേക്കൂടി തെക്കോട്ടു നീട്ടുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അതിനെപ്പറ്റി അന്വേഷിക്കാം.

## VILLAGE COURT JUDGES—SITTING FEE—INFORMATION REGARDING

**49. (157) Mr. K. W. Muralidhara Marar** *(Trippunittura)*: Will Government be pleased to state.—

(*a*) whether any sitting fee is allowed to Village Court Judges;

(*b*) if so, how much?

**Mr. C. A. Ouseph** *(Minister for Education and Public Health)*:

(*a*) No.

(*b*) No answer is necessary in view of the answer to (*a*)

മിസ്റ്റർ കെ. ഡബ്ല്യു. മുരളീധരമാരാർ: വല്ല കൺവെയൻസ് അലവൻസും കൊടുക്കുന്നുണ്ടോ?

മിസ്റ്റർ സി. എ. ഔസേപ്പ്: കൊടുക്കുന്നുണ്ട്.

മിസ്റ്റർ കെ. ഡബ്ല്യു. മുരളീധരമാരാർ: എന്താണ് അലവൻസ്?

മിസ്റ്റർ സി. എ. ഔസേപ്പ്: ഫ ക.

മിസ്റ്റർ കെ. ഡബ്ല്യു. മുരളീധരമാരാർ: ഈ അലവൻസു കൂട്ടുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ സി. എ. ഔസേപ്പ്: അതിനെപ്പറ്റി ആലോചിക്കാം.

മിസ്റ്റർ കെ. എ. ജോജ്ജ്: ഒരുപ്രാവശ്യം വളരെ കുറഞ്ഞ ഒരു സംഖ്യയായതുകൊണ്ട് ആ അലവൻസു മേടിച്ചിട്ടില്ലെന്നു അറിയാമോ?

മിസ്റ്റർ സി. എ. ഔസേപ്പ്: ഒരാൾ മേടിച്ചിട്ടില്ലെന്നാണ് അറിയുന്നതു്.

മിസ്റ്റർ വി. കെ. ജോസഫ്: വില്ലേജ് കോടതികൾ നിർത്തുവാൻ സാധിക്കുമോ?

മിസ്റ്റർ സി. എ. ഔസേപ്പ്: അതുകൊണ്ടു വളരെ ഉപകാരമുണ്ടെന്നാണ് കാണുന്നതു്.

മിസ്റ്റർ കെ. എ. ജോർജ്ജ്: വാങ്ങാത്തവരുണ്ടെന്നു പറഞ്ഞുവല്ലൊ. അതു് ഒരു തുച്ഛമായ സംഖ്യയായതുകൊണ്ടാണ് വാങ്ങാത്തതു്.

മിസ്റ്റർ സി. എ. ഔസേപ്പ്: അലവൻസു കൂട്ടുന്നകാര്യത്തെപ്പറ്റി ആലോചിക്കാം.

മിസ്റ്റർ കെ. കുഞ്ഞിരാമൻമേനോൻ: വില്ലേജു കോടതി ജഡ്ജിമാരെല്ലാവരും ഒരു വില്ലേജിലെ മെമ്പർ ആണെന്നാണൊ ഗവൺമെണ്ടിന്റെ അഭിപ്രായം?

മിസ്റ്റർ സി. എ. ഔസേപ്പ്: അല്ല.

മിസ്റ്റർ കെ. കുഞ്ഞിരാമൻമേനോൻ: പിന്നെ എന്തടിസ്ഥാനത്തിന്മേലാണ് അവർക്കു ഇത്ര ചുരുങ്ങിയ ഒരു സംഖ്യ ഒരുപോലെ കൊടുപ്പാൻ നിശ്ചയിച്ചിട്ടുള്ളതു്?

മിസ്റ്റർ സി. എ. ഔസേപ്പ്: ജനങ്ങളെ സഹായിക്കുവാൻ വേണ്ടി മാത്രം വെച്ചിട്ടുള്ള ഒരു സ്ഥാപനമാണ് വില്ലേജ് കോടതി. അതുകൊണ്ടു പേരിനു ഒരു വിലവു് വെച്ചു എന്നാണ് ഞാൻ വിചാരിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly